ഐ.ആർ.ഡി.പി.

* 66 [108] ശ്രീ. വി. കേശവൻ:
,, ടി.കെ. അബ്ദു:
ശ്രീമതി പി. ദേവൂട്ടി:
ശ്രീ. കെ.പി. അരവിന്ദാക്ഷൻ:
,, പി. സി. തോമസ് (കടുത്തുരുത്തി:) താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്താമോ?

സാമൂഹ്യ വികസനവകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) ഉണ്ട്.

(ബി) 1. ഐ.ആർ.ഡി.പി. ട്രെയിഡ് ഫെയറുകൾ.
2. ഐ.ആർ.ഡി.പി. ഗുണഭോക്താക്കളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ വിപണന സംവിധാനം സംഘടിപ്പിക്കുക, അവർക്ക് ആവശ്യമായി വരുന്ന അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുക മുതലായ ഉദ്ദേശത്തോടുകൂടി ഒരു സപ്പൈ ആൻറ് മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറേയും നിയമിച്ചിട്ടുണ്ട്.

കല്ലട ഡാമിൻെറ ചോർച്ച

* 67 [109] ശ്രീ. എം.വി. രാഘവൻ:
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള:
,, പി. സി. തോമസ് (കടുത്തുരുത്തി):
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ.വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ഡാമിൻെറ ചോർച്ച തടയുന്നതിന് ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിനുവേണ്ടി ഇതിനകം എത്ര തുക ചെലവാക്കി;

(സി) ഡാം ചോർച്ച പൂർണ്ണമായും തടയുവാൻ കഴിയുമോ;

(ഡി) കല്ലട ഡാം പണിയിലെ ക്രമക്കേടുകൾ കല്ലട പ്രോജക്ട് അഡ്വൈസറി കമ്മിറ്റി ചൂണ്ടിക്കാട്ടിയിരുന്നുവോ?

ജലസേചന വകുപ്പു മന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ):

(എ) സാധാരണ മേസണറി ഡാമുകളിൽ ആദ്യഘട്ടങ്ങളിൽ ഉണ്ടാകാറുള്ള ചെറിയ തോതിലുള്ള കിനിവുമാത്രമേ കല്ലട ഡാമിലുണ്ടായിട്ടുള്ളൂ. എല്ലാ ഡാമുകളിലും സാധാരണ ചെയ്യാറുള്ള ഗ്രൗട്ടിംഗും ഗണ്ണൈറ്റിംഗും ഇവിടെയും നടക്കുന്നുണ്ട്. നേരത്തെതന്നെ + 250' ലവൽ

LIBRARY ARCHIVES Kerala Legislative Assembly